**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1256 13.07.2016-ന് മറുപടി നൽകേണ്ടിയിരുന്നത്

**<u>വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഒഴിവുകൾ</u>**

**ചോദ്യം** **മറുപടി**

ശ്രീ.കെ.വി. വിജയദാസ്

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ; | എ) | സംസ്ഥാനത്ത് IAS, IPS, IFS കേഡർ തസ്തികകളിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ തസ്തികകളൊന്നും തന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. മറ്റ വകുപ്പുകളിലെ അദ്ധ്യക്ഷന്മാരെ യഥാസമയം നിയമിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |
| ബി) | ഒരു വകുപ്പ് അദ്ധ്യക്ഷൻ നിലവിൽ ഒന്നിൽ കൂടുതൽ വകുപ്പുകളുടെ ചുമതല വഹിച്ചുവരുന്നുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) | ഉണ്ട്. ഫിഷറീസ് വകുപ്പ് ഡയറക്ടർ സംസ്ഥാന ലോട്ടറി വകുപ്പിന്റെ അധിക ചുമതല വഹിച്ചിരുന്നു. ഐ.എ.എസ് കേഡറിൽപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെ കാര്യത്തിൽ ഓരോ വർഷവും പരമാവധി ഐ.എ.എസ് പ്രൊബേഷണർമാരെ സംസ്ഥാന കേഡറിലേക്ക് അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ